പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1278

30.09.2011-ൽ മറുപടിയ്ക്ക്

## ഇന്ദിര ആവാസ് യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>'' കെ.എൻ.എ. ഖാദർ<br>'' എൻ. ഷംസുദ്ദീൻ<br>'' പി. ഉബൈദുള്ള | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. ഇന്ദിര ആവാസ് യോജന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ; | എ. ഇന്ദിരാ ആവാസ് യോജനയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ബ്ളോക്ക തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തല ത്തിലും ഈ പദ്ധതിയുടെ പ്രവർത്തന പുരോ ഗതി ഓരോ മാസവും വിലയിരുത്തുന്നുണ്ട് ഈ പദ്ധതി ഒരു സ്വതന്ത്ര പദ്ധതിയായി നടപ്പ ലാക്കാൻ ആരംഭിച്ചതുമുതൽ ഇതുവരെ 374989 പുതിയ വീടുകൾ നിർമ്മിക്കുകയും 120551 വീടുകൾ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 44261 വീടുകളുടെ നിർ മ്മാണം പുരോഗതിയിലാണ്. |
| ബി. പ്രസ്തുത പദ്ധതി എന്നാണ് ആരംഭിച്ച തെന്നും ഇതേവരെ എന്തു തുക കേന്ദ്രസർക്കാരിൽ നിന്നും ഇതിനായി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | ബി. 1996 ജനുവരി ഒന്ന് മുതലാണ് ഇന്ദിരാ ആവാസ് യോജന സ്വതന്ത്ര പദ്ധതിയായി നട പ്പിലാക്കാൻ തുടങ്ങിയത്. പദ്ധതി ആരംഭി ച്ചതു മുതൽ ഇതേ വരെ കേന്ദ്രസർക്കാരിൽ നിന്നും കേന്ദ്രവിഹിതമായി 1067.50 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| സി. പദ്ധതി നടത്തിപ്പിന്റെ പുരോഗതിയും , ഫിസിക്കൽ അച്ചീവ്മെന്റിന്റെ നിലവാരവും വിലയിരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വി ശദമാക്കുമോ; | സി. ഇന്ദിരാ ആവാസ് യോജന പ്രകാരം വീടുകൾ അനുവദിക്കുന്നതു മുതൽ പണി പൂർത്തിയാ കുന്നതുവരെയുള്ള ഓരോ ഘട്ടത്തിലും ബന്ധ പ്പെട്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നിർ മ്മിയ്ക്കുന്ന വീട് നേരിൽ സന്ദർശിച്ച് പണി യുടെ പുരോഗതി വിലയിരുത്തി നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തി ലാണ് അടുത്ത ഗഡു ലഭ്യമാക്കുന്നത്. അടിത്തറ, ചുമരുമട്ടം, മേൽക്കൂര എന്നീ നില കളിൽ വി.ഇ.ഒ. നൽകുന്ന സർട്ടിഫിക്കറ്റിന്റെ |

അടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ അടുത്ത ഗഡു അനുവദിക്കുന്നത്. വീടിന്റെ പൂർത്തീകരണം കഴിഞ്ഞ് വി.ഇ.ഒ. പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുകയും ബന്ധപ്പെട്ട എക്സറ്റൻഷൻ ഓഫീസർ (ഹൗസിംഗ്)/ജോയിന്റ് ബ്ളോക്ക് ഡെവലപ്മെന്റ് ഓഫീസർ(ഹൗസിംഗ്) വീട് സന്ദർശിച്ച് വീടുപണി പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തിയ ശേഷമാണ് അവസാന ഗഡു നൽകുന്നത്.

ഭവന നിർമ്മാണത്തിന്റെ പുരോഗതി ഓരോ മാസവും ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി തലത്തിൽ വിലയിരുത്തുകയും പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ ജില്ലാ തല അവലോകനത്തിനായി നൽകുകുയും ചെയ്യുന്നു. ജില്ലാതലത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്റ്റ് ഡയറക്ടർമാർ ഹൗസിംഗ് എക്സ്റ്റൻഷൻ ഓഫീസറുടെയും ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെയും പ്രത്യേകം പ്രത്യേകം അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാന തലത്തിലും, കേന്ദ്രസർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയ തലത്തിലും പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തപ്പെടുന്നുണ്ട്.

ഡി. പദ്ധതി നടത്തിപ്പിൽ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ഡി. ഉണ്ടായിട്ടുണ്ട്. പ്രധാനപ്പെട്ട ബുദ്ധിമുട്ടുകൾ താഴെപ്പറയുന്നവയാണ്.

(i). പദ്ധതി പ്രകാരം അനുവദനീയമായ ധനസഹായം വീട് നിർമ്മാണത്തിന് തീരെ അപര്യാപ്തമാണ്.

(ii). മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കളിൽ കുറഞ്ഞത് 60 ശതമാനം പട്ടികജാതി/ പട്ടികവർഗ്ഗക്കാരായിരിക്കണം. ഈ വിഭാഗങ്ങളിൽപെട്ട മതിയായ എണ്ണം ഗുണഭോക്താക്കളെ സംസ്ഥാനത്ത് തെരഞ്ഞെടുത്ത് വീട് ലഭ്യമാക്കുന്നതിന് കഴിയുന്നില്ല.

(iii). ഭൂരഹിതരായ ഭവനരഹിതർക്ക് വീട് നിർമ്മിയ്ക്കുന്നതിന് യഥാസമയം സ്ഥലം ലഭ്യമാകുന്നില്ല.

(iv). ഓരോ പഞ്ചായത്തിലും ധാരാളം വീടുകളുടെ പണി ഒരേ സമയം നടക്കുന്നതിനാൽ പണിക്കാരെ യഥാസമയം ലഭിക്കാതെ വരുന്നു.

(v). മണൽ, ഇഷ്ടിക തുടങ്ങിയ നിർമ്മാണ സാമഗ്രികൾ യഥാസമയം ലഭിക്കാതെ വരുന്നു.

| | |
|---|---|
| ഇ. സംസ്ഥാനത്തൊട്ടാകെ പ്രസ്തുത പദ്ധതി പ്രകാരം ഇതേവരെ എത്ര വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട് ; എത്ര വീടുകളുടെ പണി പൂർത്തിയാവാനുണ്ട് ; എന്തു തുക ഇതേവരെ ചെലവഴിച്ചു; പൂർത്തിയാവാനുള്ള വീടുകളുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ? | ഇ. സംസ്ഥാനത്തൊട്ടാകെ ഇതേവരെ 374989 പുതിയ വീടുകൾ നിർമ്മിക്കുകയും 120551 വീടുകൾ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 44261 വീടുകളുടെ നിർമ്മാണം പൂർത്തിയാകാനുണ്ട്. ഈ പദ്ധതി പ്രകാരം ഇതേവരെ 1296.315 കോടി രൂപ ചെലവഴിച്ചു. പൂർത്തിയാകാനുള്ള വീടുകളിൽ ബഹുഭൂരിപക്ഷവും പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ.